LIBRARY ARCHIVES Kerala Legislative Assembly

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം

14(*133) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിരവധി കെട്ടിടങ്ങൾ കാലപ്പഴക്കം നിമിത്തം പ്രവർത്തന സജ്ജമല്ലാത്ത അവസ്ഥയിലായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പൊതുജനോപകാരപ്രദമായ നിലയിൽ അവയെ നവീകരിക്കുന്നതിനോ പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും ആർദ്രം പദ്ധതി മുഖാന്തരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ജില്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ കൊല്ലം കോട്ടയ്ക്കപ്പുറം സബ്സെന്റർ ട്രസ്റ്റ് മുഖാന്തരം പൊളിച്ചുമാറ്റിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ്സെന്ററിന്റെയും കുടത്തുർ സബ്സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നുവരുന്നു. പത്തനംതിട്ട 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. മുഖേന, എഫ്.ഡബ്ല്യു.സി. ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.ഡബ്ല്യു.സി. മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനയോഗ്യമാക്കുന്നതിന് എൻ.എച്ച്.എം. വഴി നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ ചെട്ടികുളങ്ങര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഈരേഴ സബ്സെന്റർ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കൊച്ചി ജെട്ടി സബ്സെന്റർ എന്നിവ നവീകരിക്കുന്നതിനാവശ്യമായ 70 ലക്ഷം രൂപ 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇടുക്കി എൽ.എസ്.ജി.ഡി., എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം എൻ.എച്ച്.എം. ഫണ്ടിൽ ഉൾപ്പെടുത്തി 54 സബ്സെന്ററുകളെ 2019-2020-ലും 72 സബ്സെന്ററുകളെ 2020-2021-ലും ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ-66 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 7 ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 76 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലപ്പുറം എൽഎസ്.ജി.ഡി. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപകേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം/നവീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് പുതുപരിയാരം, കഞ്ചിക്കോട് സബ്സെന്ററുകൾ എന്നിവ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 121 സബ്സെന്ററുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 60 സബ്സെന്ററുകൾ നവീകരിക്കുന്നതിന് ഒരു സബ്സെന്ററിന് 7 ലക്ഷം രൂപ വീതവും 61 സബ്സെന്ററുകൾ നവീകരിക്കുന്നതിന് 1.75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ് പീലിക്കോട് സബ്സെന്ററിന് പുതിയ കെട്ടിടത്തിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലും കടപ്പുറം സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാൻ എൻ.എച്ച്.എം. പദ്ധതിയിലും ബേക്കൂർ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു.* 2018-19 സാമ്പത്തിക വർഷത്തിൽ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് (വിമലഗിരി, മുക്കുഴി, പുള്ളിപ്പാടം, പുത്തനാഴി, മുണ്ടേരി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 212 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി (കരവാരം, ചിറക്കര, എടവട്ടം, ഏരൂർ, വളാംതോട്, ഉറങ്ങാട്ടിരി, അഡ്ക്കസ്ഥല, പൈവളിക, തയ്യിൽകടപ്പുറം) 337.5 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി (ചെമ്മനാമുകര, അമര, കരീമഠം, മാലിപുറം, അയ്യമ്പിള്ളി, ചങ്കുവെട്ടി, ബി.പി. അങ്ങാടി, കുന്നംകര, മമ്മുക്കോത്ത്, കുരാറ, ചെണ്ടയാട്, പുല്ലൂക്കര, അരമംഗലം, കാവുംതല) 938 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 469 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 26.42 കോടി രൂപ ആദ്യ ഘട്ടത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

ഇടുക്കി പാക്കേജ്

15(*134) ശ്രീ. പി. ജെ. ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന ഇടുക്കി പാക്കേജ് 12,000 കോടി രൂപയുടേതാണ്. പ്രസ്തുതപദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, വനം-വന്യജീവി, വിനോദസഞ്ചാരം, റവന്യൂ, മൃഗസംരക്ഷണം, പൊതുവിദ്യാഭ്യാസം, പരിസ്ഥിതി, ഊർജ്ജം, ജലസേചനം, മൃഗസംരക്ഷണം, പൊതുമരാമത്ത്, പട്ടികജാതി/ പട്ടികവർഗ്ഗവികസനം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ് .